പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5405

25..10..2011 -ൽ
മറുപടിയ്ക്ക്.

## ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ (ടെക്കിപ്പ്) രണ്ടാം ഘട്ടം അനുവദിച്ചു കിട്ടുന്നതിനായി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ആയതിന്റെ രണ്ടാം ഘട്ടം, ഉപഘടകം ഒന്നിലും രണ്ടിലും ഉൾപ്പെടുത്തി പദ്ധതി സഹായം ലഭിക്കുന്നതിനായി വിവിധ സർക്കാർ/ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഉപഘടകം ഒന്നിൽ സംസ്ഥാനത്തെ 11 എഞ്ചിനീയറിംഗ് കോളേജുകൾ ഇതുവരെയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.<br><br>തൃശൂർ, കോഴിക്കോട്, കണ്ണൂർ, ഇടുക്കി, കോട്ടയം, തിരുവനന്തപുരത്തെ ബാർട്ടൻ ഹിൽ എന്നീ 6 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളും, കേപ്പിന്റെ പെരുമൺ, കിടങ്ങൂർ, വടകര എന്നിവിടങ്ങളിലെ 3 എഞ്ചിനീയറിംഗ് കോളേജുകളും, എൽ.ബി.എസ്. സെന്ററിന്റെ പൂജപ്പുര വനിതാ എഞ്ചിനീയറിംഗ് കോളേജും, കുസാറ്റ് കൊച്ചിയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിംഗും ആണിവ.<br>കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുമായുള്ള ടെക്കിപ്പ് ധാരണാ പത്രം 2011 ഒക്ടോബർ ആദ്യവാരം ഒപ്പു വച്ചു. സംസ്ഥാന സർക്കാരും 11 കോളേജ് പ്രിൻസിപ്പൽമാരുമായുള്ള ധാരണാപത്രം ഒപ്പിടൽ പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | 'ടെക്കിപ്പ്' നിബന്ധന പ്രകാരം സർക്കാർ അനുമതിയോടെ 11 എഞ്ചിനീയറിംഗ് കോളേജുകളും കൂടാതെ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജും അക്കാദമിക് സ്വയംഭരണത്തിനുവേണ്ടി അതത് യൂണിവേഴ്സിറ്റി മുഖേന യു.ജി.സി.-യ്ക്ക് ഈ മാസം 31 നകം അപേക്ഷ സമർപ്പിക്കുന്നതാണ്. |
| (ബി) | എത്ര വർഷം കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; | (ബി) | നാലു വർഷം (2011-15) കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. |
| (സി) | ഈ പദ്ധതിക്കുള്ള അടങ്കൽ തുക എത്രയാണ്; | (സി) | ഈ പദ്ധതിയ്ക്കുള്ള അടങ്കൽ തുക 141.78 കോടി രൂപയാണ്. |
| (ഡി) | ഈ പദ്ധതി എന്നു പൂർത്തിയാക്കാനാകും എന്നാണ് കരുതുന്നത് ? | (ഡി) | ഈ പദ്ധതി 2014 ഡിസംബറിൽ പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ